KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank | Vol.2 | Issue.3 | March 2022

## കേരള ബാങ്കിന്റെ പുനർ വായ്പ പ്രവർത്തനങ്ങൾ പ്രശംസനീയം - നബാർഡ് ചെയർമാൻ :ഡോ.ജി. ആർ. ചിന്താല



നബാർഡ് ചെയർമാൻ ഡോ. ജി.ആർ. ചിന്താലയ്ക്ക് കേരള ബാങ്കിൽ സ്വീകരണം നൽകിയപ്പോൾ. ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ, ബോർഡ് ഓഫ് മാനേജ്മെന്റ് ചെയർമാൻ, ശ്രീ വി.രവീന്ദ്രൻ, സിഇഒ, ശ്രീ.പി.എസ്. രാജൻ എന്നിവർ സമീപം.

കേരള ബാങ്ക് രൂപീകരണത്തിനു ശേഷമുള്ള രണ്ടുവർഷംകൊണ്ട് പുനർ വായ്പയിൽ 5972 കോടി രൂപയുടെ വർധനവ് ഉണ്ടായ ബാങ്കിന്റെ പ്രവർത്തനങ്ങളെ നബാർഡ് ചെയർമാൻ ഡോ.ജി.ആർ. ചിന്താല അഭിനന്ദിച്ചു. 2019-ൽ ബാങ്ക് രൂപീകരിക്കുമ്പോൾ 2842 കോടിയായിരുന്ന പുനർ വായ്പ 2021-22-ൽ 8814 കോടി ആയിട്ടാണ് വർധിച്ചത്. കോവിഡ് കാലത്ത് കാർഷിക അനുബന്ധ മേഖലയുടെ നവീകരണത്തിനായി കുറഞ്ഞ പലിശനിരക്കിൽ അനുവദിച്ച വായ്പകളാണ് ഇതിൽ ഉൾപ്പെടുന്നത്. ബാങ്കിന്റെ ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനും ഉദ്യോഗസ്ഥരുടെയും ഭരണസമിതി അംഗങ്ങളുടെയും നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും നബാർഡിന്റെ ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഫണ്ടിൽ നിന്ന് സാമ്പത്തിക സഹായം നൽകുമെന്നും ചെയർമാൻ അറിയിച്ചു. സഹകരണ മേഖലയിലെ ഏറ്റവും വലിയ ബാങ്കായ കേരള ബാങ്കിലേക്ക് പരമാവധി ഉപഭോക്താക്കളെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ബാങ്ക് പ്രസിഡന്റ് ശ്രീ.ഗോപി കോട്ടമുറിയ്ക്കൽ, ബോർഡ് ഓഫ് മാനേജ്മെന്റ് ചെയർമാൻ, ശ്രീ.വി. രവീന്ദ്രൻ, ബാങ്ക് ഭരണസമിതി അംഗങ്ങൾ മാനേജ്മെന്റ് അംഗങ്ങൾ, നബാർഡ് ചീഫ് ജനറൽ മാനേജർ, ശ്രീ.പി.ബാലചന്ദ്രൻ, ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ.പി എസ് രാജൻ, ചീഫ് ജനറൽ മാനേജർ, ശ്രീ. കെ.സി.സഹദേവൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## വി- കെയറിന് കേരള ബാങ്കിന്റെ പിന്തുണ



സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ വി-കെയർ പദ്ധതിയിലൂടെ വൃക്ക, കരൾ, മജ്ജ എന്നിവ മാറ്റി വെയ്ക്കുന്നതടക്കമുള്ള ഭീമമായ ചെലവ് വരുന്ന ചികിത്സകൾക്ക് 15 ലക്ഷം രൂപ വരെയുള്ള ധനസഹായം നൽകി വരുന്നുണ്ട്. ഈ പദ്ധതിയെ കുറിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനും ധനസമാഹരണത്തിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സംഘടിപ്പിക്കുന്ന പരസ്യ പ്രചാരണ പ്രവർത്തനങ്ങൾക്ക് കേരള ബാങ്കിന്റെ സഹായം ബാങ്ക് പ്രസിഡന്റ് ശ്രീ ഗോപി കോട്ടമുറിയ്ക്കൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയനെ ഏല്പിച്ചു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി, ശ്രീമതി. ആർ.ബിന്ദു തദവസരത്തിൽ സന്നിഹിതയായിരുന്നു.



നബാർഡ് ചെയർമാൻ ഡോ. ജി. ആർ. ചിന്താല കേരള ബാങ്ക് ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങളെ അഭിസംബോധന ചെയ്യുന്നു.

## Be the No.1 ക്യാമ്പയിൻ ബിസിനസ് വളർച്ചക്ക് ചാലക ശക്തി




2021 ഡിസംബർ 1 മുതൽ 2022 മാർച്ച് 31 വരെ 4 മാസം നിണ്ടുനിന്ന 'Be the No.1' ക്യാമ്പയിൻ ബാങ്കിന്റെ വളർച്ചയ്ക്ക് ചാലക ശക്തിയായി. അത്ഭുതകരമായ വളർച്ചയാണ് എല്ലാ ബിസിനസ്സ് പാരാമീറ്ററുകളിലും ബാങ്കിന് ഈ ക്യാമ്പയിൻ കാലാവധിയിൽ നേടാനായത്. ബാങ്ക് പ്രസിഡന്റും, ഭരണ സമിതി, ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങളും, ഉന്നത ഉദ്യോഗസ്ഥരും സർവോപരി എല്ലാ ജീവനക്കാരുടെയും ആത്മാർത്ഥമായ കഠിന പരിശ്രമം ഒന്നു കൊണ്ടു മാത്രമാണ് ഈ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത്.

ക്യാമ്പയിൻ തുടങ്ങുന്നതിനു മുമ്പും ക്യാമ്പയിൻ അവസാനിച്ചപ്പോഴുമുള്ള കണക്കുകൾ പരിശോധിച്ചാൽ തന്നെ ക്യാമ്പയിൻ കൊണ്ടു നേടിയ നേട്ടങ്ങൾ പ്രതീക്ഷകൾക്കപ്പുറമാണെന്ന് മനസ്സിലാക്കാവുന്നതാണ്. എല്ലാ ജില്ലകളിലും ലോൺ മേളകളും, കസ്റ്റമർ മീറ്റ്, NPA കുറയ്ക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ, ഒരു ദിവസം കൊണ്ട് പരമാവധി അക്കൗണ്ട് സ്വരൂപിക്കുന്നതിന് CASA DAY തുടങ്ങിയ പ്രവർത്തനങ്ങളും നൂതനമായ ആശയങ്ങളും നടപ്പിലാക്കാൻ ശാഖകൾ തമ്മിൽ ആരോഗ്യകരമായ മത്സരം ഉണ്ടായെന്നത് ക്യാമ്പയിന്റെ ഉദ്ദേശങ്ങൾ ലക്ഷ്യം കണ്ടു എന്ന് ചൂണ്ടിക്കാട്ടുകയാണ്.

NABARD
Published with assistance from NABARD under Co-operative Development Fund

# ശാഖാ മാനേജർമാരുമായി ബാങ്ക് പ്രസിഡന്റ് സംവദിച്ചു




Be the No.1 ക്യാമ്പെയിന്റെ ഭാഗമായി കേരളബാങ്ക് പാലക്കാട് റീജിയണിൽ ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ ശാഖാ മാനേജർമാരുമായി സംവദിക്കുന്ന മീറ്റ് ദി പ്രസിഡന്റ് പരിപാടി സംഘടിപ്പിച്ചു. ബോർഡ് ഓഫ് മാനേജ്മന്റ് അംഗം ശ്രീ. പി എ ഉമ്മർ അധ്യക്ഷനായി. ചീഫ് ജനറൽ മാനേജർ ശ്രീ. കെ സി സഹദേവൻ, എച്ച് ആർ ജനറൽ മാനേജർ ശ്രീ. റോയ് എബ്രഹാം, റീജിയണൽ ജനറൽ മാനേജർ ശ്രീമതി. പ്രീത കെ മേനോൻ എന്നിവർ സംസാരിച്ചു. 2022 മാർച്ച് 31ന് വിരമിക്കുന്ന DGM ശ്രീ. പി രാജേന്ദ്രന് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ ഉപഹാരം നൽകി. ഡയറക്ടർ ശ്രീ. എ പ്രഭാകരൻ എംഎൽഎ സ്വാഗതവും ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. പി രാജേന്ദ്രൻ നന്ദിയും പറഞ്ഞു.

# മാമലക്കണ്ടം ഹൈസ്ക്കൂളിൽ കേരള ബാങ്കിന്റെവിദ്യാനിധി പദ്ധതി



**വിദ്യാനിധി നിക്ഷേപ പദ്ധതിയുടെ പാസ് ബുക്ക് വിതരണോദ്ഘാടനം കോതമംഗലം മാമലകണ്ടം ഗവ.ഹൈസ്ക്കുളിൽ കേരള ബാങ്ക് ചെയർമാൻ ശ്രീ. ഗോപി കോട്ടമുറിക്കൽ നിർവ്വഹിക്കുന്നു.**

കേരള ബാങ്ക് ആവിഷ്ക്കരിച്ചിട്ടുള്ള വിദ്യാനിധി നിക്ഷേപ പദ്ധതിയുടെ പാസ് ബുക്ക് വിതരണം ആദിവാസി ഊരുകളിൽ നിന്നും കുട്ടികൾ പഠിക്കാനെത്തുന്ന എറണാകുളം കോതമംഗലം മാമലകണ്ടം ഗവൺമെന്റ് ഹൈസ്ക്കുളിൽ കേരള ബാങ്ക് ചെയർമാൻ ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ നിർവ്വഹിച്ചു. കുട്ടികളുടെ തുടർപഠനത്തിന് സഹായമാവും വിധം പലിശയോടെ സമ്പാദ്യം സൂക്ഷിക്കുവാനും രക്ഷകർത്താവിന് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതുമായ വിദ്യാനിധി പദ്ധതിയിൽ കേരളത്തിലെ 12 മുതൽ 16 വയസുവരെയുള്ള മുഴുവൻ കുട്ടികളേയും അംഗമാക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. ബാങ്ക് അക്കൗണ്ടും മറ്റ് എല്ലാ ബാങ്കിംഗ് സേവനങ്ങളും വിദ്യാനിധി അക്കൗണ്ടിൽ ലഭ്യമാക്കും. കൂടാതെ ഉന്നതപഠനത്തിന് ആവശ്യമെങ്കിൽ വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് പ്രത്യേക പരിഗണനയും ലഭിക്കുന്നതാണ്. ചടങ്ങിൽ റീജിയണൽ ജനറൽ മാനേജർ ശ്രീ. ജോളി ജോൺ അദ്ധ്യക്ഷത വഹിച്ചു. ഹെഡ് മാസ്റ്റർ ശ്രീ.അബ്ദുൾ റഷീദ്, മാമലക്കണ്ടം സർവ്വീസ് സഹകരണ സംഘം പ്രസിഡന്റ് ശ്രീ.കെ.പി.ഗോപിനാഥൻ, കുട്ടമ്പുഴ പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീ.പി.എൻ. കുഞ്ഞുമോൻ, ഏരിയ മാനേജർ ശ്രീമതി. ഉഷാകുമാരി. എസ്, ശ്രീ.പി.ജി.ഷാജു, ശ്രീമതി.ഷൈനി ജോൺ എന്നിവർ സംസാരിച്ചു.

# ഒറ്റയ്ക്കായ വീട്ടമ്മയ്ക്ക് താങ്ങായി കേരള ബാങ്ക്



**ഭവാനിയുടെ പണയാധാരങ്ങൾ കേരള ബാങ്ക് ചെയർമാൻ ശ്രീ.ഗോപി കോട്ടമുറിയ്ക്കൽ കൈമാറുന്നു.**

ഭർത്താവിന്റെ മരണത്തോടെ ജീവിതത്തിൽ ഒറ്റപ്പെട്ട് പോയ വീട്ടമ്മയുടെ വായ്പ ബാധ്യത അടച്ച് തീർത്ത് കേരള ബാങ്ക് ജീവനക്കാരുടെ സഹായഹസ്തം. മൂവാറ്റുപുഴ നോർത്ത് പിറമാടം സ്വദേശിനി വെള്ളാരംപാറയ്ക്കൽ ഓനച്ചന്റെ ഭാര്യ ശ്രീമതി.ഭവാനിയുടെ വായ്പ ബാധ്യതയാണ് ജീവനക്കാരും സുമനസുകളായ ഇടപാടുകാരും ബാങ്കിൽ നിന്നും വിരമിച്ചവരും ചേർന്ന് അടച്ച് തീർത്തത്.

ഭവാനിയുടെ പണയാധാരങ്ങൾ കേരള ബാങ്ക് ചെയർമാൻ ശ്രീ.ഗോപി കോട്ടമുറിയ്ക്കൽ കൈമാറുന്നു. മൂവാറ്റുപുഴ ടൗൺ ശാഖാ മാനേജർ ശ്രീമതി.മായാമാധവന്റെ നേതൃത്വത്തിൽ ആവശ്യമുള്ള മുക്കാൽ ലക്ഷത്തോളം രൂപ സമാഹരിക്കുകയായിരുന്നു.

കേരള ബാങ്ക് മൂവാറ്റുപുഴ ടൗൺ ശാഖയിൽ നടന്ന ചടങ്ങിൽ പണയാധാരങ്ങൾ കേരള ബാങ്ക് ചെയർമാൻ ശ്രീ.ഗോപി കോട്ടമുറിയ്ക്കൽ ഭവാനിയ്ക്ക് കൈമാറി.

ചടങ്ങിൽ റീജിയണൽ ജനറൽ മാനേജർ ശ്രീ. ജോളി ജോൺ, ഏരിയ മാനേജർ ശ്രീമതി രാജി പി.ബി, എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.രാജേഷ് പി.എൻ., ശ്രീമതി. മായാമാധവൻ, ശ്രീ.ബിനിൽകുമാർ, ശ്രീ.പി.പി.മുഹമ്മദ് എന്നിവർ സംസാരിച്ചു.

# രഞ്ജി ട്രോഫി താരം രോഹൻ എസ് കുന്നുമ്മലിനെ കേരള ബാങ്ക് ആദരിച്ചു



രഞ്ജി ട്രോഫി ക്രിക്കറ്റിൽ തുടർച്ചയായി മൂന്ന് ഇന്നിംഗ്സുകളിൽ സെഞ്ച്വറി നേടിയ കേരള താരവും കേരളാ ബാങ്ക് കുടുംബാംഗവുമായ ശ്രീ.രോഹൻ എസ് കുന്നമ്മലിനെ കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസിന്റെയും സി.പി.സി യുടേയും കൊയിലാണ്ടി ശാഖയുടേയും നേതൃത്വത്തിൽ ആദരിച്ചു. കേരള ബാങ്ക് ഡയറക്ടർ ശ്രീ.ഇ രമേശ് ബാബുവും റീജിയണൽ ജനറൽ മാനേജർ ശ്രീ.സി അബ്ദുൽ മുജീബും ചേർന്ന് പൊന്നാടയണിയിച്ചു. രോഹന്റെ കൊയിലാണ്ടിയിലെ വസതിയിൽ നടന്ന ചടങ്ങിൽ സീനിയർ മാനേജർ ശ്രീ.കെ സുരേഷ്, കൊയിലാണ്ടി ശാഖാ മാനേജർ ശ്രീ.ടി സന്തോഷ്, പബ്ലിക് റിലേഷൻസ് ഓഫീസർ, ശ്രീ. സി സഹദ്, രോഹന്റെ അമ്മയും കേരള ബാങ്ക് പയ്യോളി ശാഖാ സീനിയർ മാനേജറുമായ, ശ്രീമതി.എം കൃഷ്ണ, അച്ഛൻ, ശ്രീ.സുശീൽ എസ് കുന്നമ്മൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



**കേരള ബാങ്ക് ഇടുക്കി സിപിസിയുടെ ആഭിമുഖ്യത്തിൽ തൊടുപുഴയിൽ സംഘടിപ്പിച്ച കസ്റ്റമർ മീറ്റിന്റെ ഭാഗമായിട്ടുള്ള വിളംബര റാലി**

# ഹിമാചൽ പഠനസംഘം കേരളബാങ്ക് സന്ദർശിച്ചു



ഹിമാചൽ പഠന സംഘം കേരള ബാങ്ക് ഡയറക്ടർ ബോർഡ് അംഗം ശ്രീ.പി. ഗഗാറിനെ പരമ്പരാഗത തൊപ്പി അണിയിക്കുന്നു. ജനറൽ മാനേജർമാരായ ശ്രീ.റോയി ഏബ്രഹാം, ശ്രീ.എ. അനിൽകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. വി.രവീന്ദ്രൻ, ഹിമാചൽ പ്രതിനിധികൾ എന്നിവർ സമീപം

രാജ്യത്തെ സഹകരണമേഖലക്ക് മാതൃകയായ കേരളബാങ്ക് രൂപീകരണത്തെക്കുറിച്ച് മനസ്സിലാക്കാൻ ഹിമാചൽ പ്രദേശ് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രതിനിധികൾ കേരള ബാങ്ക് സന്ദർശനം നടത്തി. ഷിംലയിലെ അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിലെ കോഴ്സ് കോർഡിനേറ്റർ ഉൾപ്പെടെ 17 അംഗ സംഘമാണ് ബാങ്ക് സന്ദർശിച്ചത്. കോവിഡ് കാല അതിജീവനത്തിൽ സഹകരണ മേഖല വഹിച്ച പങ്കിനെക്കുറിച്ചും, കുടിശ്ശിക നിവാരണ പ്രവർത്തനങ്ങളെക്കുറിച്ചും പഠനസംഘം വിശദമായി ചോദിച്ചറിഞ്ഞു.

കേരള ബാങ്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും വ്യക്തികൾക്കും നൽകുന്ന വിവിധ വായ്പാ പദ്ധതികൾ മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ബാങ്ക് ഡയറക്ടർ ബോർഡ് അംഗം, ശ്രീ. പി.ഗഗാറിൻ, ബാങ്ക് ചീഫ് ജനറൽ മാനേജർ ശ്രീ. കെ.സി.സഹദേവൻ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി പഠന സംഘം ചർച്ച നടത്തി. പഠനസംഘം ബാങ്കിലെ മുതിർന്ന ഉദ്യോഗസ്ഥരെ ഹിമാചൽപ്രദേശിലെ പരമ്പരാഗത തൊപ്പിയും ഷാളും അണിയിച്ച് ആദരിച്ചു.

ബാങ്ക് ജനറൽ മാനേജർമാരായ, ശ്രീ.റോയി എബ്രഹാം, ശ്രീ.സുനിൽ ചന്ദ്രൻ സി, ശ്രീ.എ. അനിൽകുമാർ, ശ്രീ.റോയ് ടി.കെ, ശ്രീ.ജിൽസ്റ്റോൻ ജോസ്, ഡെപ്യൂട്ടി ജനറൽ മാനേജർമാരായ, ശ്രീമതി.അനിത എബ്രഹാം, ശ്രീ. രവീന്ദ്രൻ . വി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

# കേരളാ ബാങ്കിന്റെ ജനകീയ മുഖം



അർബുദരോഗിയായ ശ്രീ. മണിയന്റെ കടബാധ്യത തീർത്ത പ്രമാണം ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ തിരികെ നൽകുന്നു. കേരളാ ബാങ്കിന്റെ തിരുവനന്തപുരം റീജിയണിൽ നെയ്യാറ്റിൻകര M&E ശാഖയിലെ മാനേജർ, ശ്രീമതി ലതികയുടെ നേതൃത്വത്തിൽ സമാഹരിച്ച ഒരു ലക്ഷം രൂപയാണ് മണിയന്റെ വായ്പയിൽ അടച്ച് വായ്പാ കടം കണക്ക് അവസാനിപ്പിച്ചത്. ബോർഡ് ഓഫ് ഡയറക്ടർ അഡ്വ. ഷാജഹാൻ, ജനറൽ മാനേജർ ഡോ.ആർ. ശിവകുമാർ,ഡെപ്യൂട്ടി ജനറൽ മാനേജർമാരായ ശ്രീ. റ്റി.എം.അനിൽ വർമ്മ, ശ്രീ. ടി. രാജേന്ദ്രൻ എന്നിവരും, ശ്രീ. വി. സുഭാഷും പങ്കെടുത്തു.



മികച്ച യുവ വനിത സംരംഭകർക്ക് കൈരളി ടി.വി നൽകുന്ന ജ്വാല പുരസ്കാരദാന ചടങ്ങിൽ പങ്കാളിയായ കേരള ബാങ്കിനുള്ള ഉപഹാരം മലയാളം കമ്മ്യൂണിക്കേഷൻ ചെയർമാൻ പത്മശ്രീ. മമ്മൂട്ടിയിൽ നിന്നും കോർപ്പറേറ്റ് ബിസിനസ് ഓഫീസ് ജനറൽ മാനേജർ (i/c) Dr.N. അനിൽകുമാർ ഏറ്റുവാങ്ങുന്നു.




അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8-ന് കേരള ബാങ്ക് നടക്കാവ് സായാഹ്നശാഖയുടെ ആഭിമുഖ്യത്തിൽ ചേർത്തല മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ ചേർത്തല പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ "അമ്മ മധുരം" എന്ന പേരിൽ മുലയൂട്ടൽ കേന്ദ്രം സ്ഥാപിച്ചു. അമ്മ മധുരം കേന്ദ്രത്തിന്റെ ഉദ്ഘാടനം ബഹു. മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി ഷേർളി ഭാർഗ്ഗവനും കേരള ബാങ്കിന്റെ റീജിയണൽ ജനറൽ മാനേജർ ശ്രീമതി ലതാ എസ്.പിള്ളയും ചേർന്ന് നിർവഹിച്ചു.

# വിശപ്പ് രഹിത കൊച്ചിക്കായി 'നിറവ്' കേരള ബാങ്കിന്റെ സൗജന്യ ഭക്ഷണ കൂപ്പൺ പദ്ധതി ഉദ്ഘാടനം ചെയ്തു



'നിറവ്' പദ്ധതി കൊച്ചി മേയർ അഡ്വ.എം. അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു. കേരള ബാങ്ക് ചെയർമാൻ ശ്രീ.ഗോപി കോട്ടമുറിയ്ക്കൽ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ഷീബ ലാൽ, ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം അഡ്വ. മാണി.വിതയത്തിൽ തുടങ്ങിയവർ സമീപം.

കൊച്ചി നഗരസഭയുമായി സഹകരിച്ച് എറണാകുളത്ത് കേരള ബാങ്ക് നടപ്പാക്കുന്ന സൗജന്യ ഭക്ഷണ കൂപ്പൺ പദ്ധതി 'നിറവ്' മേയർ അഡ്വ.എം.അനിൽകുമാർ ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ ഗുണഭോക്താക്കളേറെയുള്ള പശ്ചിമ കൊച്ചിയിലേക്ക് കൂടി നഗരസഭയുടെ സമൃദ്ധി@കൊച്ചി ജനകീയ ഹോട്ടൽ ഉടൻ പ്രവർത്തനം ആരംഭിക്കുമെന്ന് മേയർ പറഞ്ഞു. പദ്ധതിക്ക് കേരള ബാങ്കിന്റെ പിന്തുണയും സഹകരണവും ലഭിക്കുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു.

എറണാകുളം നോർത്ത് പരമാര റോഡിൽ സമൃദ്ധി@കൊച്ചി ജനകീയ ഹോട്ടലിൽ നടന്ന ചടങ്ങിൽ കേരള ബാങ്ക് ചെയർമാൻ ശ്രീ.ഗോപി കോട്ടമുറിയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനത്ത് വിജയകരമായി നടപ്പാക്കി വരുന്ന ജനകീയ ഹോട്ടലുകളിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന സമൃദ്ധി@കൊച്ചി പദ്ധതിക്ക് എല്ലാവിധ പിന്തുണയും കേരള ബാങ്ക് ഉറപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു. ചടങ്ങിൽ പദ്ധതിക്കായി കേരള ബാങ്ക് സംഭാവന ചെയ്യുന്ന തുകയുടെ അഡ്വാൻസ് ചെക്ക് ബാങ്ക് പ്രസിഡന്റ് മേയർക്ക് കൈമാറി. ചടങ്ങിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ഷീബാലാൽ, കേരള ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം അഡ്വ. മാണി വിതയത്തിൽ, റീജിയണൽ ജനറൽ മാനേജർ ശ്രീ.ജോളി ജോൺ, കോർപ്പറേറ്റ് ബിസിനസ് ഓഫീസ് ജനറൽ മാനേജർ ഡോ. എൻ.അനിൽകുമാർ, സി.ഡി.എസ്. ചെയർപേഴ്സൺമാരായ ശ്രീമതി മിനി ജോഷി, ശ്രീമതി ലത ബാബു, ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. സാനുരാജ് പി.എസ്, എംപ്ലോയീസ് സഹകരണ സംഘം പ്രസിഡന്റ് ശ്രീ. കെ.ആർ രാജേഷ് എന്നിവർ സംസാരിച്ചു.

# Transforming Villages. Ensuring Prosperity.




NABARD

Development Bank of the Nation

www.nabard.org /nabardonline


Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905